പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4895** 22.05.2017- ൽ മറുപടിക്ക്

**നല്ലൂർ ഗവൺമെന്റ് യു. പി. സ്കൂളിന് പി.ഡബ്ല്യൂ.ഡി വക സ്ഥലം വിട്ടുനൽകാൻ നടപടി**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. വി.കെ.സി. മമ്മത് കോയ** | | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) ബേപ്പൂർ നിയോജക മണ്ഡലത്തിലെ നല്ലൂർ ഗവൺമെന്റ് യു. പി.സ്കൂളിനോട് ചേർന്നു കിടക്കുന്നതും ഇപ്പോൾ ഉപയോഗശൂന്യമായി കിടക്കുന്നതുമായ പഴയ കടലുണ്ടി - ഫറോക്ക് റോഡിന്റെ സ്ഥലം നല്ലൂർ ഗവൺമെന്റ് യു. പി. സ്കൂളിന് കളിസ്ഥലമായി ഉപയോഗിക്കാൻ വിട്ട നൽകണം എന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും (സി) യും (ഡി) യും | ബേപ്പൂർ നിയോജക മണ്ഡലത്തിലെ പഴയ കടലുണ്ടി -ഫറോക്ക് റോഡിന്റെ സ്ഥലം നല്ലൂർ ഗവൺമെന്റ് ഗണപത് യു. പി. സ്കൂളിന് കളിസ്ഥലമായി ഉപയോഗിക്കുന്നതിലേയ്ക്കാവശ്യമായ താൽക്കാലിക ഉപയോഗാനുമതി 06.01.2016-ലെ 5302/പി.എസ്2/2013/ പൊ.മ.വ പ്രകാരം പൊതു വിദ്യാഭ്യാസ വകുപ്പിന് നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച തുടർനടപടി പൊതുവിദ്യാഭ്യാസ വകുപ്പാണ് കൈക്കൊള്ളേണ്ടത്. |
| (ബി) ഈ അപേക്ഷയിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | | |
| (സി) ഈ സ്ഥലം സ്കൂളിന് നൽകുന്നതിന് എതിർപ്പില്ലെന്ന് പൊതുമരാമത്ത് (പി. എസ്) വകുപ്പ് അറിയിച്ചിട്ടും സ്കൂളിന് കൈമാറി നൽകുന്നതിനുള്ള തടസ്സവും കാലതാമസവും എന്തെന്ന് വ്യക്തമാക്കുമോ; | | |
| (ഡി) ഈ സ്ഥലം സ്കൂളിന് കളിസ്ഥലമായി ഉപയോഗിക്കുവാൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ